
Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
Peer-Peer Reviewed, Refereed & Open Access International Journal - As per UGC Norms
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:6(1), June 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in


# ഗുരുജി എം. എസ്. ഗോൾവൽക്കറുടെ രാഷ്ട്രസങ്കൽപ്പത്തെ രൂപപ്പെടുത്തിയതിൽ ഭാരതീയ ജ്ഞാനപാരമ്പര്യത്തിന്റെ പങ്ക് – ഒരു പഠനം


**[1]LIBI M. B, [2]Dr. Harikrishnan V. P and [3]Dr. Midhun P.**

[1]Research Scholar,Amrita School of Spiritual and Cultural Studies ,Amrita Vishwa Vidyapeetham, Amritapuri Campus
[2]Assistant Professor,Amrita School of Spiritual and Cultural Studies ,Amrita Vishwa Vidyapeetham, Amritapuri Campus
[3]Assistant Professor ,Amrita School of Spiritual and Cultural Studies,Amrita Vishwa Vidyapeetham, Amritapuri Campus



**Abstract/സംഗ്രഹം**

ആധുനിക ഭാരതീയ രാഷ്ട്രീയ-സാംസ്കാരിക ചിന്തയിൽ എം. എസ്. ഗോൾവൽക്കറുടെ (ഗുരുജി) രാഷ്ട്രസങ്കൽപം ഒരു വ്യതിരിക്തമായ ദർശനരൂപമാണ്. പാശ്ചാത്യരാഷ്ട്രസങ്കൽപങ്ങളിലെ സാമൂഹികകരാർ, ഭൂപ്രദേശം, രാഷ്ട്രീയ പരമാധികാരം തുടങ്ങിയ നിർവചനങ്ങളെ അദ്ദേഹം നിരാകരിക്കുകയും രാഷ്ട്രത്തെ ഒരു ജീവിക്കുന്ന സാംസ്കാരിക-ആത്മീയ സങ്കേതമായി (Living Cultural-Spiritual Organism) വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ചിതി (Chiti) എന്ന ദേശീയചൈതന്യമാണ് ഈ രാഷ്ട്രജീവിതത്തിന്റെ അടിസ്ഥാനമെന്ന് ഗുരുജി വാദിക്കുന്നു.

ഗുരുജിയുടെ രാഷ്ട്രസങ്കൽപം ഒരു പുതിയ രാഷ്ട്രീയ സിദ്ധാന്തമല്ല; മറിച്ച് വേദങ്ങൾ, ഉപനിഷത്തുകൾ, ധർമ്മശാസ്ത്രങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ പ്രാചീന ഭാരതീയ നാഗരിക ദർശനത്തിന്റെ ആധുനിക ആവിഷ്കാരമാണെന്നതാണ് ഈ പഠനത്തിന്റെ പ്രധാന വാദം. പാഠവിശകലനം (Textual Analysis), ദാർശനിക വ്യാഖ്യാനം (Philosophical Interpretation), ആശയമാപനം (Conceptual Mapping) എന്നീ ഗവേഷണരീതികളിലൂടെ ഏകാത്മഭാവം (Ekātma-bhāva), രാഷ്ട്രധർമ്മം (Rāṣṭra-dharma), സമഷ്ടി–വ്യഷ്ടി ബന്ധം (Samasti–Vyashti Relationship), ദേശീയചൈതന്യം (Rāṣṭrīya Cetanā) തുടങ്ങിയ ആശയങ്ങൾ ഗുരുജിയുടെ രചനകളിൽ എങ്ങനെ പുനർവ്യാഖ്യാനിക്കപ്പെടുന്നുവെന്ന് ഈ പഠനം പരിശോധിക്കുന്നു. ഈ സങ്കൽപ്പത്തെ പാശ്ചാത്യ രാഷ്ട്രസങ്കൽപങ്ങളുമായി താരതമ്യം ചെയ്യുകയും ചെയ്യുന്നു.

ഭാരതത്തിന്റെ ധാർമ്മിക-നാഗരിക പാരമ്പര്യത്തിന്റെ തുടർച്ചയായാണ് ഗുരുജിയുടെ രാഷ്ട്രദർശനത്തെ മനസ്സിലാക്കേണ്ടതെന്ന് പഠനം നിഗമനം ചെയ്യുന്നു. ( Guruji's nationhood theory constitutes a continuity of India's dharmic civilizational consciousness)



**പ്രധാനപദങ്ങൾ (Keywords)**: രാഷ്ട്രം , രാഷ്ട്രസങ്കൽപം, ചിതി, ഭാരതീയ ജ്ഞാനപാരമ്പര്യം, സാംസ്കാരിക ദേശീയത, ധർമ്മം, ഏകാത്മ ഭാവം ,രാഷ്ട്ര ധർമ്മം, ദേശീയ ചൈതന്യം, നാഗരികത, മാനവികത, ഗുരുജി ഗോൾവൽക്കർ.


**ആമുഖം (Introduction)**

“എന്താണ് ഒരു രാഷ്ട്രത്തെ നിർവചിക്കുന്നത്?” എന്ന ചോദ്യം ആധുനിക രാഷ്ട്രീയചിന്തയുടെ കേന്ദ്രപ്രശ്നങ്ങളിലൊന്നാണ്. പാശ്ചാത്യ രാഷ്ട്രീയസിദ്ധാന്തങ്ങളിൽ രാഷ്ട്രം സാധാരണയായി ഭൂപ്രദേശം, രാഷ്ട്രീയ പരമാധികാരം, ഭരണസംവിധാനം, അല്ലെങ്കിൽ സാമൂഹികകരാർ എന്നിവയുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ, ഭാരതീയ നാഗരികചിന്തയിൽ രാഷ്ട്രം ചരിത്രപരമായി ഒരു ധാർമ്മിക, സാംസ്കാരിക, ആത്മീയ ഏകകമായിട്ടാണ് പരിഗണിക്കപ്പെട്ടത്. "ഒരിക്കലും നമ്മുടെ നാട് നിർജീവമായ ജഡവസ്തുവായിരുന്നില്ല.അവരുടെ സന്താനങ്ങൾക്കെല്ലാം

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
Peer-Peer Reviewed, Refereed & Open Access International Journal - As per UGC Norms
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:6(1), June 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

തന്നെ അവസ്ഥാഭേദം കൂടാതെ എല്ലായ്പ്പോഴും ഈ നാട് ജീവതേജസുറ്റ ദിവ്യമാതാവാണ്"[1] എന്ന തലത്തിൽ രാഷ്ട്രീയ ക്രമീകരണങ്ങളെ അതിലംഘിക്കുന്ന ഒരു സാംസ്കാരിക-ആത്മീയ ഏകത്വമാണ് രാഷ്ട്രമെന്ന് ഭാരതീയ പാരമ്പര്യം കാണുന്നു. രാഷ്ട്രത്തെക്കുറിച്ചുള്ള പാശ്ചാത്യ നിർവചനങ്ങളെ ബോധപൂർവം നിരാകരിച്ചുകൊണ്ടാണ് രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ദ്വിതീയ സർസംഘചാലകനായ എം. എസ്. ഗോൾവൾക്കർ തന്റെ രാഷ്ട്രസങ്കൽപം അവതരിപ്പിച്ചത്. “രാഷ്ട്രം മനുഷ്യരുടെ ഒരു കൂട്ടമോ ഭൂമിയുടെ ഒരു ഭാഗമോ മാത്രമല്ല, രാഷ്ട്രത്തിന് ഒന്നാമതായാവശ്യമുള്ളത്. ജീവിക്കാനും വളരാനും അഭിവൃദ്ധിപ്പെടുത്താനും കഴിയുന്നിടത്തോളം പ്രകൃത്യാ ഉള്ള അതിർത്തിക്കുള്ളിൽ വേർതിരിക്കപ്പെട്ടതും തുടർച്ചയുള്ളതുമായ ഭൂവിഭാഗമാണ്. രണ്ടാമത്തെ ആവശ്യം ആ പ്രത്യേക ഭൂവിഭാഗത്തിൽ താമസിക്കുന്ന ജനങ്ങൾ അതിനോടു മാതൃഭൂമിയെന്ന നിലയിൽ തങ്ങളുടെ നിലനിൽപിനും വളർച്ചയ്ക്കും രക്ഷയ്ക്കും ഐശ്വര്യത്തിനുമുള്ള സ്ഥലമെന്ന നിലയിൽ, സ്നേഹവും ഭക്തിയും വളർത്തിക്കൊണ്ടുവരണമെന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ അവർ ആ മണ്ണിന്റെ മക്കളാണെന്ന് അവർക്കു തോന്നണം. ഈ ജനത പരസ്പരബന്ധമൊന്നുമില്ലാത്ത കുറെ വ്യക്തികളെ വെറുതെ കൂട്ടിച്ചേർത്തുണ്ടാക്കിയ കേവലം ആൾക്കൂട്ടമായാൽ പോരാ. ജീവിതാദർശങ്ങൾ, സംസ്കാരം, വികാരങ്ങൾ, മനോഭാവം, വിശ്വാസം, പാരമ്പര്യം എന്നിവയെല്ലാംകൊണ്ട് രൂപം പ്രാപിച്ച വ്യക്തമായ ജീവിതരീതി അവർ ആവിഷ്കരിച്ചിട്ടുണ്ടായിരിക്കണം. ജനങ്ങൾ ഇപ്രകാരം ഒന്നിച്ചുചേർന്നു പൊതുവായ പാരമ്പര്യങ്ങളോടും അഭിലാഷങ്ങളോടും ഭൂതകാലജീവിതത്തെ സംബന്ധിച്ച സന്തോഷകരമോ ദുഃഖകരമോ ആയ അനുഭവങ്ങളുടെ സ്മരണകളോടും സമാനമായ ശത്രുമിത്രഭാവങ്ങളോടും കൂടി, തങ്ങളുടെ താത്പര്യങ്ങളെല്ലാം പരസ്പരം കെട്ടുപിണഞ്ഞ് ഏകാത്മകമായി ഇണങ്ങിച്ചേർന്നു ഒരൊറ്റ സമാജമായിത്തീരുന്നപക്ഷം ആ പ്രത്യേക ഭൂവിഭാഗത്തിൽ അതിന്റെ മക്കളായി ജീവിക്കുന്ന ആ ആളുകളെ 'രാഷ്ട്രം' എന്ന് വിളിക്കാം.[2] എന്ന അദ്ദേഹത്തിന്റെ പ്രസ്താവന ഭാരതീയ ദാർശനിക പാരമ്പര്യത്തിൽ വേരൂന്നിയ രാഷ്ട്ര സങ്കൽപ്പത്തെ അടയാളപ്പെടുത്തുന്ന ഒരു ഗഹനമായ ആത്മീയ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നു. ഇത്തരത്തിൽ ഭാരതീയ ജ്ഞാനപാരമ്പര്യത്തിന്റെ (Bhāratīya Jñāna Paramparā) അടിസ്ഥാനത്തിൽ രൂപപ്പെട്ട ഗുരുജിയുടെ രാഷ്ട്രസങ്കൽപത്തെ വിശകലനം ചെയ്യുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

ഗുരുജി ഗോൾവൾക്കറുടെ രാഷ്ട്രസങ്കൽപത്തിലെ അടിസ്ഥാന ആശയങ്ങളെ വിശകലനം ചെയ്യുക.അദ്ദേഹത്തിന്റെ ചിന്തകളും ഭാരതീയ ഗ്രന്ഥങ്ങളിലെ ആശയങ്ങളും തമ്മിലുള്ള സാമ്യതകൾ കണ്ടെത്തുക.അദ്ദേഹത്തിന്റെ രാഷ്ട്രസങ്കൽപം രാഷ്ട്രീയപരം മാത്രമല്ല, മറിച്ച് നാഗരിക-സാംസ്കാരിക (civilized & cultural) സ്വഭാവമുള്ളതാണെന്ന് സ്ഥാപിക്കുക. സാംസ്കാരിക ദേശീയതയെ ഭാരതീയ ധർമ്മദർശനത്തിന്റെ പശ്ചാത്തലത്തിൽ പുനർവായിക്കുക തുടങ്ങിയവയിക്കായി ഈ പഠനം താഴെപ്പറയുന്ന രീതിശാസ്ത്രങ്ങളെ അവലംബിക്കുന്നു:

ഗുരുജിയുടെ പ്രധാന കൃതികളായ വിചാരധാര, ഗുരുജിസാഹിത്യസർവസ്വം എന്നിവയുടെ പാഠവിശകലനം. വേദങ്ങൾ, ഉപനിഷത്തുകൾ, ധർമ്മശാസ്ത്രങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ എന്നിവയുമായി താരതമ്യാത്മക ദാർശനിക വിശകലനം.ഭാരതീയ അധ്യാത്മികതയുടെയും സാമൂഹികദർശനത്തിന്റെയും പാശ്ചാത്യരാഷ്ട്ര സങ്കൽപ്പങ്ങളുടെയും പശ്ചാത്തലത്തിലുള്ള ആശയവിശകലനത്തേയും ആശ്രയിക്കുന്നു.

---

[1] ആർ.എസ്.എസ്.ദർശനവും ദൗത്യവും- ഗുരുജി ഗോൾവൽക്കർ- സംഘദർശനമാലിക -പേജ്-41
[2] ആർ.എസ്.എസ്.ദർശനവും ദൗത്യവും- ഗുരുജി ഗോൾവൽക്കർ- സംഘദർശനമാലിക -പേജ്-50-51

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
Peer-Peer Reviewed, Refereed & Open Access International Journal - As per UGC Norms
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:6(1), June 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

**ഗുരുജി ഗോൾവൾക്കറുടെ രാഷ്ട്രസങ്കൽപം സാംസ്കാരിക-ആത്മീയ സത്തയായ രാഷ്ട്രം**

ഗുരുജി രാഷ്ട്രത്തെ ഭൗതികമോ രാഷ്ട്രീയമോ ആയ ഒരു ഘടകമായി കാണുന്നില്ല. മറിച്ച്, അത് ജീവിക്കുന്ന ഒരു സാംസ്കാരിക സത്തയാണെന്ന് അദ്ദേഹം വാദിക്കുന്നു.
"ഭൂമിയും ജനങ്ങളും രാഷ്ട്രത്തിന്റെ ശരീരമാണ്; സംസ്കാരമാണ് അതിന്റെ ആത്മാവ്."[3]
ഈ വീക്ഷണം സംസ്കാരവും സംസ്കാരജന്യമായ മൂല്യങ്ങളും ഒരു സമൂഹത്തിന്റെ യഥാർത്ഥ സത്തയാണെന്ന ഭാരതീയ നാഗരിക ദർശനവുമായി സാദൃശ്യം പുലർത്തുന്നു.


**ഭാരതീയ ജ്ഞാനപാരമ്പര്യം: രാഷ്ട്രം - ആശയപരമായ അടിത്തറ ഏകാത്മഭാവം (Ekātma-bhāva)**

यः तु सर्वाणि भूतानि आत्मनि एव अनुपश्यति च सर्वभूतेषु आत्मानम्। ततः न विजुगुप्सते॥[4]

അർഥം: "എല്ലാ ജീവജാലങ്ങളെയും ആത്മാവിൽ കാണുകയും എല്ലാ ജീവജാലങ്ങളിലും ആത്മാവിനെ ദർശിക്കുകയും ചെയ്യുന്നവൻ വേർതിരിവോ അകൽച്ചയോ അനുഭവിക്കുന്നില്ല."
സാമൂഹിക ഏകത്വത്തിന്റെ അധ്യാത്മിക അടിത്തറയാണ് ഈ ഉപനിഷത് ദർശനം. ഈ ഏകാത്മഭാവത്തെ ഗുരുജി ദേശീയതലത്തിൽ പ്രയോഗിക്കുന്നു.
കൂട്ടായ മനസ്സും പൊതുചൈതന്യവും

सं गच्छध्वं सं वदध्वं सं वो मनांसि जानताम्।[5]
അർഥം: "ഒരുമിച്ച് സഞ്ചരിക്കുവിൻ, ഒരുമിച്ച് സംസാരിക്കുവിൻ, നിങ്ങളുടെ മനസ്സുകൾ പരസ്പരം യോജിപ്പിക്കുവിൻ." ഒരുമിച്ചുള്ള വാസമല്ല, മറിച്ച് പങ്കുവെക്കപ്പെട്ട ബോധവും ചിന്തയുമാണ് സാമൂഹിക ഏകത്വത്തിന്റെ അടിസ്ഥാനം എന്ന വേദീയ ദർശനവുമായി ഗുരുജിയുടെ 'ദേശീയ മനസ്സ്' (National Mind) എന്ന ആശയം അടുത്ത ബന്ധം പുലർത്തുന്നു.
ചിതി (Chiti): ദേശീയാത്മാവ് ഗുരുജിയുടെ രാഷ്ട്രദർശനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആശയങ്ങളിലൊന്നാണ് ചിതി.
चितिरेव हि राष्ट्रस्य मूलम्।
അർഥം: "ചിതിയാണ് രാഷ്ട്രത്തിന്റെ മൂലകാരണം."
ഇവിടെ ചിതി എന്നത് ഒരു സമൂഹത്തിന്റെ സ്വഭാവത്തെയും വളർച്ചയെയും ചരിത്രപരമായ ദിശയെയും നിർണയിക്കുന്ന ആന്തരിക കൂട്ടായ ചൈതന്യത്തെയാണ് സൂചിപ്പിക്കുന്നത്. ഗുരുജി ഇതിനെ "ദേശീയചൈതന്യം" (Rāṣṭrīya Cetanā) എന്ന നിലയിൽ വ്യാഖ്യാനിക്കുന്നു.

---
[3] ഗുരുജി സാഹിത്യ സർവസ്വം- ഭാഗം -11 പേജ് 148
[4] ഈശാവാസ്യോപനിഷത്- സാനുവാദം ശങ്കരഭാഷ്യസഹിതം- പേജ് -16
[5] ഋഗ്വേദം 10.191.2


Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
Peer-Peer Reviewed, Refereed & Open Access International Journal - As per UGC Norms
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:6(1), June 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

**ജീവിക്കുന്ന ജൈവസത്തയായ രാഷ്ട്രം**
**വേദീയ ചിന്തയിലെ ജൈവിക ഏകത്വം**

ब्राह्मणोऽस्य मुखमासीद्बाहू राजन्यः कृतः । ऊरू तदस्य यद्वैश्यः पद्भ्यां शूद्रोऽजायत॥[6]

അർഥം: "സമൂഹം വ്യത്യസ്ത കർത്തവ്യങ്ങളും പ്രവർത്തനങ്ങളും നിർവഹിക്കുന്ന ഘടകങ്ങളാൽ രൂപപ്പെട്ട ഒരു ജൈവിക ഏകത്വമാണ്."

ഈ മാതൃകയെ അടിസ്ഥാനമാക്കിയാണ് ഗുരുജി രാഷ്ട്രത്തെ ഒരു ജീവിക്കുന്ന ശരീരമായി കാണുന്നത്. വ്യക്തികൾ പരസ്പരം വേർപെട്ട സ്വതന്ത്ര ഘടകങ്ങളല്ല; മറിച്ച് ദേശീയജീവിതത്തിന്റെ അവിഭാജ്യ അവയവങ്ങളാണ്.

**സമഷ്ടി–വ്യഷ്ടി ബന്ധം**

ഭാരതീയ ദാർശനിക പാരമ്പര്യം വ്യക്തിയെയും സമൂഹത്തെയും പരസ്പരവിരുദ്ധങ്ങളായി കാണുന്നില്ല. വ്യഷ്ടി (വ്യക്തി)യും സമഷ്ടി (സമൂഹം)യും പരസ്പരപൂരകങ്ങളാണ്.

ഗുരുജിയുടെ അഭിപ്രായത്തിൽ, വ്യക്തിയുടെ പൂർണത സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സേവനത്തിലൂടെയാണ് കൈവരിക്കുന്നത്. അതിനാൽ ദേശീയജീവിതവും വ്യക്തിജീവിതവും പരസ്പരം ബന്ധിതങ്ങളാണ്.

**രാഷ്ട്രത്തിന്റെ അടിസ്ഥാനമായി ധർമ്മം**

धर्मेणैव हि राष्ट्रं तिष्ठति।[7]

അർഥം: "ധർമ്മത്താലാണ് രാഷ്ട്രം നിലനിൽക്കുന്നത്."

രാഷ്ട്രീയ അധികാരമോ ഭരണസംവിധാനമോ രാഷ്ട്രത്തെ സൃഷ്ടിക്കുന്നില്ല; മറിച്ച് ധാർമ്മികവും സാംസ്കാരികവുമായ ക്രമമാണ് രാഷ്ട്രത്തിന്റെ യഥാർത്ഥ അടിത്തറയെന്ന് ഗുരുജി വാദിക്കുന്നു.

**ഭാരതവർഷം: ഒരു നാഗരിക രാഷ്ട്രസങ്കൽപം**

उत्तरं यत् समुद्रस्य हिमाद्रेश्चैव दक्षिणम् । वर्षं तद्भारतं नाम भारती यत्र संततिः॥[8]

അർഥം: "സമുദ്രത്തിന്റെ വടക്കും ഹിമാലയത്തിന്റെ തെക്കും സ്ഥിതിചെയ്യുന്ന ഭൂവിഭാഗമാണ് ഭാരതം." ഇവിടെ ഭൂമിശാസ്ത്രപരമായ വിവരണത്തോടൊപ്പം ഒരു സാംസ്കാരിക-ധാർമ്മിക സ്വഭാവവും ഉൾക്കൊള്ളുന്നു. പങ്കുവെക്കപ്പെട്ട നാഗരിക മൂല്യങ്ങളാണ് ഒരു ഭൂപ്രദേശത്തെ രാഷ്ട്രമാക്കി മാറ്റുന്നതെന്ന് ഈ ദർശനം സൂചിപ്പിക്കുന്നു.

**ഗുരുജി എം. എസ്. ഗോൾവൽക്കറുടെ രാഷ്ട്രസങ്കൽപവുമായി ബന്ധപ്പെട്ട ചിന്തകൾ അദ്ദേഹത്തിന്റെ കൃതികളിൽ നിന്നും താഴെ പറയുന്ന രീതിയിൽ സംഗ്രഹിക്കാം.**

"രാഷ്ട്രം എന്നത് പരസ്പരം വേർതിരിക്കാനാവാത്ത വിധം സംയോജിച്ച അഞ്ച് വ്യത്യസ്ത ഘടകങ്ങളുടെ സമഗ്രരൂപമാണ്. ഭൗമികവും, വംശീയവും, മതപരമായതും സാംസ്കാരികവും, ഭാഷാപരമായതുമായ സാമ്യതകളാണ് ഒരു രാഷ്ട്രത്തെ രൂപപ്പെടുത്തുന്നത്."


"രാഷ്ട്രം ഒരു ജീവിക്കുന്ന സത്തയാണ്."

"ജനതയുടെ സാംസ്കാരിക പൈതൃകമാണ് രാഷ്ട്രത്തിന്റെ അടിത്തറ."

"നമ്മുടെ രാഷ്ട്രത്വം നമ്മുടെ പ്രാചീന സാംസ്കാരിക പാരമ്പര്യത്തിൽ വേരൂന്നിയിരിക്കുന്നു."

---

[6] പുരുഷസൂക്തം, ഋഗ്വേദം 10.90
[7] മഹാഭാരതം, ശാന്തിപർവം 109.9
[8] വിഷ്ണുപുരാണം 2.3.1


Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
Peer-Peer Reviewed, Refereed & Open Access International Journal - As per UGC Norms
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:6(1), June 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

"നമുക്ക് രാഷ്ട്രം എന്നത് ഭൂമി മാത്രമല്ല; ജനതയും അവരുടെ സംസ്കാരവും കൂടിയാണ്."
"സിന്ധുനദി മുതൽ ഇന്ത്യൻ മഹാ സമുദ്രങ്ങൾ വരെയുള്ള ഈ ഭൂമി നമ്മുടെ ജനതയുടെ മാതൃഭൂമിയാണ്."
"രാഷ്ട്രം എല്ലാ വിഭാഗീയ താൽപര്യങ്ങൾക്കും അതീതമാണ്."
"വ്യക്തി തന്റെ പൂർണത കണ്ടെത്തുന്നത് രാഷ്ട്രജീവിതത്തിലൂടെയാണ്."
"സംഘടിതമായ സാമൂഹിക ശക്തിയിലാണ് ശക്തമായ ഒരു രാഷ്ട്രത്തിന്റെ നിർമ്മാണം.
"ദേശീയ ജീവിതം സ്വന്തം സാംസ്കാരിക വേരുകളിൽ നിന്നായിരിക്കണം വളരേണ്ടത്."
"ഭാരതത്തിലെ രാഷ്ട്രസങ്കൽപം സാംസ്കാരികവും ആത്മീയവുമാണ്."
"സംസ്ഥാനം രൂപംകൊള്ളുന്നതിന് ഏറെ മുമ്പേ രാഷ്ട്രം നിലനിന്നിരുന്നു."
"ഒരു രാഷ്ട്രത്തിന്റെ യഥാർത്ഥ ശക്തി അതിന്റെ സംഘടിത ജനസമൂഹത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത്."[9]

ഇതെല്ലാം വ്യക്തമാക്കുന്നത് ഭാരതീയ ജ്ഞാനപാരമ്പര്യത്തിലധിഷ്ഠിതമായ ദാർശനിക അടിത്തറയിലാണ് ശ്രീ ഗുരുജി തന്റെ രാഷ്ട്ര സങ്കൽപം രൂപപ്പെടുത്തിയിരിക്കുന്നതെന്നാണ്. ഇതിനെ കൂടുതൽ വ്യക്തമാക്കുന്നതിനായി സമാനലതലത്തിലുള്ള ചിന്തകരുടെ ദർശനങ്ങളുമായി ചേർത്ത് പരിശോധിക്കണം.

സമാനുഭാവപരമായ പഠനങ്ങളിൽ ദത്തോപന്ത് തേങ്കട്ജി ഗോൾവൾക്കറുടെ രാഷ്ട്രദർശനത്തെ ഒരു രാഷ്ട്രീയ ദേശീയതയായി കാണുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഗുരുജിയുടെ രാഷ്ട്രസങ്കൽപം ഭാരതീയ ദാർശനിക പാരമ്പര്യത്തിലെ "ഏകാത്മ മനുഷ്യദർശന" ത്തിന്റെ സാമൂഹിക-ദേശീയ തലത്തിലുള്ള ആവിഷ്കാരമാണ്.തേങ്കടിയുടെ നിരീക്ഷണപ്രകാരം രാഷ്ട്രം ഒരു രാഷ്ട്രീയ കരാറിന്റെ ഫലമല്ല.രാഷ്ട്രം ഒരു "സാംസ്കാരിക-ആത്മീയ ജീവസത്ത" (Cultural-Spiritual Entity) ആണ്. ഭാരതത്തിന്റെ ദേശീയജീവിതത്തെ മനസ്സിലാക്കാൻ പാശ്ചാത്യ ദേശീയ ചിന്തകൾ മതിയാകാതെ വരുന്നു.ഗുരുജിയുടെ "ചിതി" എന്ന ആശയം രാഷ്ട്രത്തിന്റെ ആത്മീയ അടിത്തറയെ സൂചിപ്പിക്കുന്നു.അതുകൊണ്ട് തേങ്കടി ഗോൾവൾക്കറെ ആധുനിക രാഷ്ട്രീയ ചിന്തകനേക്കാൾ ഭാരതീയ രാഷ്ട്രദർശനത്തിന്റെ വ്യാഖ്യാതാവായിട്ടാണ് അവതരിപ്പിക്കുന്നത്.[10]

ഈ വിഷയത്തിലെ മറ്റൊരു പ്രമുഖ പണ്ഡിതനായ രംഗഹരി[11] തന്റെ വിവിധ ഗ്രന്ഥങ്ങളിലും പ്രഭാഷണങ്ങളിലും ഗുരുജിയുടെ രാഷ്ട്രസങ്കൽപത്തെ "Civilizational Nationalism" എന്ന നിലയിലാണ് അവതരിപ്പിക്കുന്നത്.

അദ്ദേഹത്തിന്റെ പ്രധാന വാദങ്ങൾ ഇങ്ങനെയാണ് ഭാരതം ഒരു State അല്ല; ഒരു സാംസ്ക്കാരിക ഭൂമികയാണ്.ഭാരതീയ ദേശീയതയുടെ അടിസ്ഥാനം മതമോ വംശമോ അല്ല, സംസ്കാരമാണ്. ഗുരുജിയുടെ രാഷ്ട്രദർശനം വേദ-ഉപനിഷദ് പാരമ്പര്യത്തിന്റെ തുടർച്ചയാണ്.രാഷ്ട്രത്തെ ഒരു ജീവിക്കുന്ന ജൈവസത്തയായി കാണുന്ന സമീപനം പുരുഷസൂക്താദി വേദീയ ദർശനങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞതാണ്.രംഗ ഹരിയുടെ കാഴ്ചപ്പാടിൽ ഗോൾവൾക്കർ ഒരു രാഷ്ട്രീയ

[9] ഗുരുജിസാഹിത്യസർവസ്വം വോള്യം 1-12
[10] Thengadi, Dattopant. The Third Way. Bengaluru: Rashtrotthana Sahitya, 1981.
[11] Hari, Ranga. Guruji Golwalkar: The Visionary. Bengaluru: Jagarana Prakashana, 2012

പ്രത്യയശാസ്ത്രജ്ഞനല്ല; മറിച്ച് ഭാരതത്തിന്റെ സാംസ്കാരിക ആത്മബോധത്തെ ആധുനിക ഭാഷയിൽ അവതരിപ്പിച്ച ചിന്തകനാണ്.

ഗുരുജിയുടെ ചിന്തകളെ വിമർശനാത്മകമായി സമീപിക്കുകന്ന പ്രസിദ്ധ ചിന്തകനായ വാൾട്ടർ ആൻഡേഴ്സൺ ഗോൾവൽക്കറുടെ രാഷ്ട്രസങ്കൽപത്തെ പൂർണ്ണമായി നിരാകരിക്കുന്നില്ലെങ്കിലും, അതിനെ ഒരു രാഷ്ട്രീയ-സംഘടനാത്മക ദേശീയതയുടെ ഭാഗമായി കാണുന്നു.[12]
അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ ഇങ്ങനെയാണ് - ഗുരുജി ഗോൾവൽക്കർ ഭാരതീയ സംസ്കാരത്തിന് രാഷ്ട്രനിർമാണത്തിൽ കേന്ദ്രസ്ഥാനം നൽകുന്നു.RSS-ന്റെ രാഷ്ട്രസങ്കൽപം പാശ്ചാത്യ മാതൃകയിൽ നിന്ന് വ്യത്യസ്തമാണ്. എന്നാൽ അത് ആധുനിക രാഷ്ട്രീയ ദേശീയതയുടെ ഒരു രൂപം കൂടിയാണ്. സാംസ്കാരിക ഏകത്വത്തിന് നൽകുന്ന അമിത പ്രാധാന്യം വൈവിധ്യത്തിന്റെ പ്രശ്നങ്ങൾ ഉയർത്തുന്നുവെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. ആൻഡേഴ്സന്റെ പഠനം ഗോൾവൽക്കറുടെ ആശയങ്ങളെ പൂർണ്ണമായും സാംസ്കാരികമോ പൂർണ്ണമായും രാഷ്ട്രീയമോ ആയി കാണാതെ മധ്യനിലപാടാണ് സ്വീകരിക്കുന്നത്. മറ്റൊരു വിമർശനാത്മക ചിന്തകനായ ക്രിസ്റ്റോഫ് ജാഫ്രലോയുടെ പഠനങ്ങൾ ഗോൾവൽക്കറെക്കുറിച്ചുള്ള ഏറ്റവും വിമർശനാത്മകമായ അക്കാദമിക് വിശകലനങ്ങളിൽ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഗോൾവൽക്കറുടെ രാഷ്ട്രസങ്കൽപം ഒരു സാംസ്ക്കാരിക ദേശീയതയാണ്. എന്നാൽ അത് സാംസ്കാരിക ആശയം മാത്രമല്ല; രാഷ്ട്രീയ പ്രത്യാഘാതങ്ങളുള്ള ഒരു ദേശീയതാ സിദ്ധാന്തവുമാണ്. ദേശീയ ഐക്യത്തിന് പൊതുസാംസ്കാരിക പാരമ്പര്യത്തെ അടിസ്ഥാനമാക്കുന്നത് ചിലപ്പോൾ ബഹുസ്വരതയുമായി സംഘർഷത്തിലാകാം. ഗോൾവൽക്കറുടെ ദേശീയതയെ അദ്ദേഹം Ethno-Cultural Nationalism എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നു. എങ്കിലും ജാഫ്രലോയും സമ്മതിക്കുന്ന ഒരു കാര്യമുണ്ട്: ഗോൾവൽക്കറുടെ ചിന്തയുടെ പ്രധാന ഉറവിടം ഭാരതീയ സാംസ്കാരിക പാരമ്പര്യമാണ്.

സംസ്ക്കാരങ്ങളെകുറിച്ചും ദേശീയതകളെയും രാഷ്ട്രസങ്കൽപ്പങ്ങളേയും കുറിച്ച് പഠിക്കുന്ന പ്രസിദ്ധ ചിന്തകനായ ആകാശ് സിംഗ് ഗോൾവൽക്കറെ കൂടുതൽ സൂക്ഷ്മമായി വായിക്കുന്ന സമകാലീന രാഷ്ട്രീയ സൈദ്ധാന്തികനാണ്.
അദ്ദേഹത്തിന്റെ പ്രധാന നിരീക്ഷണങ്ങൾ ഗോൾവൽക്കറുടെ രാഷ്ട്രസങ്കൽപത്തെ വെറും "ഹിന്ദു ദേശീയത" എന്ന ലേബലിൽ ഒതുക്കാൻ കഴിയില്ല. അദ്ദേഹത്തിന്റെ ആശയങ്ങളിൽ രാഷ്ട്രം ഒരു സാംസ്കാരിക സമൂഹമാണ്. രാഷ്ട്രത്തെ ഒരു ജൈവിക ഏകത്വമായി കാണുന്ന സമീപനം പാശ്ചാത്യ ലിബറൽ ദേശീയതയിൽനിന്ന് വ്യത്യസ്തമാണ്. ഗോൾവൽക്കറുടെ ചിന്തയെ മനസ്സിലാക്കാൻ ഭാരതീയ ദാർശനിക പശ്ചാത്തലം അനിവാര്യമാണ്.[13] ആകാശ് സിംഗ് വിമർശനാത്മക സമീപനം സ്വീകരിക്കുമ്പോഴും, ഗോൾവൽക്കറെ വെറും രാഷ്ട്രീയ ദേശീയതയുടെ സൈദ്ധാന്തികനായി ചുരുക്കിക്കാണിക്കുന്നില്ല. മുകളിൽ പരാമർശിച്ച പഠനങ്ങളെ പരിശോധിക്കുമ്പോൾ രണ്ട് പ്രധാന സമീപനങ്ങൾ കാണാം.
ഒരു കൂട്ടർ ഗോൾവൽക്കറുടെ രാഷ്ട്രസങ്കൽപത്തെ ഭാരതീയ നാഗരികതയുടെ ആത്മീയ-സാംസ്കാരിക തുടർച്ചയായി വ്യാഖ്യാനിക്കുന്നു. രണ്ടാമത്തെ വിഭാഗം അദ്ദേഹത്തിന്റെ രാഷ്ട്രദർശനത്തെ ആധുനിക ദേശീയതാ സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ വിമർശനാത്മകമായി വിലയിരുത്തുന്നു.
എന്നാൽ ഇരു വിഭാഗങ്ങളിലെയും പഠനങ്ങളിൽ പൊതുവെ കാണുന്ന ഒരു സമീപനം

[12] Andersen, Walter K., and Shridhar D. Damle. The Brotherhood in Saffron. New Delhi: Vistaar Publications, 1987.
[13] Akash Singh: Paths and perspectives: Vintage Books: 2019

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
Peer-Peer Reviewed, Refereed & Open Access International Journal - As per UGC Norms
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:6(1), June 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

ഗോൾവൾക്കറുടെ രാഷ്ട്രസങ്കൽപത്തെ നേരിട്ട് വേദങ്ങൾ, ഉപനിഷത്തുകൾ, ധർമ്മശാസ്ത്രങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ എന്നിവയിലെ രാഷ്ട്രം, ധർമ്മം, ഏകാത്മഭാവം, സമഷ്ടി–വ്യഷ്ടി, ചിതി തുടങ്ങിയ ആശയങ്ങളുമായി താരതമ്യപ്പെടുത്തിതന്നെയാണ് പരിഗണിക്കേണ്ടത്.
അതുകൊണ്ട് ഗുരുജിയുടെ രാഷ്ട്രദർശനത്തെ ഭാരതീയ ജ്ഞാനപാരമ്പര്യത്തിന്റെ ദാർശനിക-സാംസ്കാരിക തുടർച്ചയായി പാഠപരവും ആശയപരവുമായി പരിശോധിക്കുകയാണ് ഈ ഗവേഷണത്തിന്റെ പ്രധാന സംഭാവന. ഇത് അനുഭാവപരവും വിമർശനാത്മകവുമായ നിലവിലുള്ള പഠനങ്ങൾക്കിടയിലെ ഗവേഷണ വിടവ് നികത്താൻ ശ്രമിക്കുന്നു.

**ചർച്ച (Discussion)**

**പാശ്ചാത്യവും ഭാരതീയവുമായ രാഷ്ട്രസങ്കൽപങ്ങൾ: ഒരു താരതമ്യാത്മക വിശകലനം**

ഗുരുജി ഗോൾവൾക്കറുടെ രാഷ്ട്രദർശനം മനസ്സിലാക്കുന്നതിന് അതിനെ പാശ്ചാത്യ രാഷ്ട്രസങ്കൽപങ്ങളുമായി താരതമ്യം ചെയ്യേണ്ടത് അനിവാര്യമാണ്. ആധുനിക രാഷ്ട്രസങ്കൽപത്തെക്കുറിച്ചുള്ള പാശ്ചാത്യ ചിന്തകൾ പ്രധാനമായും സാമൂഹികകരാർ സിദ്ധാന്തം (Social Contract Theory), രാഷ്ട്രീയ പരമാധികാരം (Political Sovereignty), ദേശീയ-സംസ്ഥാനം (Nation-State) എന്നിവയെ ആസ്പദമാക്കിയുള്ളവയാണ്. മറുവശത്ത്, ഭാരതീയ പാരമ്പര്യം രാഷ്ട്രത്തെ ഒരു സാംസ്കാരിക-ആത്മീയ യാഥാർഥ്യമായാണ് കാണുന്നത്. ഈ വ്യത്യാസം രാഷ്ട്രത്തിന്റെ ഉത്ഭവം, സ്വഭാവം, ലക്ഷ്യം, നിലനിൽപ്പ് എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന ധാരണകളിൽ തന്നെ പ്രകടമാണ്.

**1. രാഷ്ട്രീയ കരാർ (Political Contract) vs സാംസ്കാരിക ചൈതന്യം (Cultural Consciousness)**

പാശ്ചാത്യ രാഷ്ട്രീയചിന്തയിൽ, പ്രത്യേകിച്ച് Thomas Hobbes[14], John Locke[15], Jean-Jacques Rousseau[16] എന്നിവരുടെ സാമൂഹികകരാർ സിദ്ധാന്തങ്ങളിൽ, രാഷ്ട്രവും സംസ്ഥാനവും വ്യക്തികൾ തമ്മിലുള്ള ഒരു കരാറിന്റെ ഫലമായാണ് വ്യാഖ്യാനിക്കപ്പെടുന്നത്. സുരക്ഷ, സ്വാതന്ത്ര്യം, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി വ്യക്തികൾ സ്വമേധയാ ചില അധികാരങ്ങൾ ഭരണസംവിധാനത്തിന് കൈമാറുന്നു. അങ്ങനെ രാഷ്ട്രം ഒരു രാഷ്ട്രീയ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന ഘടനയായി മാറുന്നു.
എന്നാൽ ഭാരതീയ ദർശനത്തിൽ രാഷ്ട്രം ഒരു കരാറിന്റെ ഫലമല്ല. പങ്കുവെക്കപ്പെട്ട സാംസ്കാരിക സ്മൃതികൾ, ധാർമ്മിക മൂല്യങ്ങൾ, പുണ്യസ്ഥലങ്ങൾ, ആചാരങ്ങൾ, ചരിത്രാനുഭവങ്ങൾ, ആത്മീയ പാരമ്പര്യം എന്നിവയുടെ തുടർച്ചയിൽ രൂപംകൊണ്ട ഒരു കൂട്ടായ ചൈതന്യമാണ് രാഷ്ട്രം.

ഗുരുജിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ, രാഷ്ട്രം മനുഷ്യർ സൃഷ്ടിച്ച ഒരു സ്ഥാപനം (Institution) അല്ല; മറിച്ച് തലമുറകളിലൂടെ വളർന്നുവന്ന ഒരു ജീവിക്കുന്ന സാംസ്കാരിക സത്തയാണ്.[17]

**2. ഭൂപ്രദേശാധിഷ്ഠിതത്വം (Territoriality) vs ധർമ്മാധിഷ്ഠിതത്വം (Dharma-Centricity)**

ആധുനിക പാശ്ചാത്യ രാഷ്ട്രസങ്കൽപത്തിൽ ഭൂപ്രദേശം രാഷ്ട്രത്തിന്റെ അനിവാര്യ ഘടകമാണ്. നിശ്ചിത അതിർത്തികൾ, രാഷ്ട്രീയ പരമാധികാരം, നിയമപരമായ നിയന്ത്രണം എന്നിവയാണ് രാഷ്ട്രത്തിന്റെ

[14] Thomas Hobbes, Leviathan (London: Andrew Crooke, 1651)
[15] John Locke, Two Treatises of Government (London: Awnsham Churchill, 1689)
[16] Jean-Jacques Rousseau, The Social Contract (Amsterdam: Marc Michel Rey, 1762)
[17] ഗുരുജിസാഹിത്യസർവസ്വം വോള്യം 12

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
Peer-Peer Reviewed, Refereed & Open Access International Journal - As per UGC Norms
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:6(1), June 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

നിലനിൽപ്പിന് അടിസ്ഥാനമായി കണക്കാക്കപ്പെടുന്നത്. ഈ കാഴ്ചപ്പാടിൽ, ഭൂമിശാസ്ത്രപരമായ അതിർത്തികൾ മാറുമ്പോൾ രാഷ്ട്രത്തിന്റെ രൂപവും മാറാം.

എന്നാൽ ഭാരതീയ ദർശനത്തിൽ ഭൂമി മാത്രം രാഷ്ട്രമാകുന്നില്ല. ധർമ്മം, സംസ്കാരം, പാരമ്പര്യം, തീർത്ഥയാത്രാ ശൃംഖലകൾ, പങ്കുവെക്കപ്പെട്ട വിശ്വാസങ്ങൾ എന്നിവയാണ് ഒരു ഭൂപ്രദേശത്തെ രാഷ്ട്രമാക്കി മാറ്റുന്നത്. അതുകൊണ്ടുതന്നെ വിഷ്ണുപുരാണം ഭാരതത്തെ ഭൂമിശാസ്ത്രപരമായി നിർവചിക്കുമ്പോഴും, ആ ഭൂമിയിൽ ജീവിക്കുന്ന "ഭാരതി സന്തതി"യെ പ്രത്യേകം പരാമർശിക്കുന്നു. ഗുരുജിയുടെ രാഷ്ട്രസങ്കൽപത്തിൽ ഭൂമി മാതൃഭൂമിയാണ്; എന്നാൽ ആ ഭൂമിയെ രാഷ്ട്രമാക്കുന്നത് അതിന്റെ ധാർമ്മിക-സാംസ്കാരിക ആത്മാവാണ്.

**3. രാഷ്ട്രം സംസ്ഥാനത്താൽ സൃഷ്ടിക്കപ്പെടുന്നു (Nation Created by the State) vs രാഷ്ട്രം സംസ്ഥാനത്തിന് മുമ്പേ നിലനിൽക്കുന്നു (Nation Precedes the State)**

പാശ്ചാത്യ ചരിത്രത്തിൽ പല രാഷ്ട്രങ്ങളും ആധുനിക ദേശീയ-സംസ്ഥാനങ്ങളുടെ രൂപീകരണത്തോടൊപ്പമാണ് ഉദയം ചെയ്തത്. പ്രത്യേകിച്ച് യൂറോപ്പിൽ, രാഷ്ട്രീയ അധികാരത്തിന്റെ കേന്ദ്രീകരണവും ഭരണഘടനാപരമായ സംവിധാനങ്ങളും ദേശീയ ഐക്യത്തെ സൃഷ്ടിച്ച പ്രധാന ഘടകങ്ങളായിരുന്നു. ഈ സമീപനത്തിൽ, രാഷ്ട്രവും സംസ്ഥാനവും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. ഭാരതീയ പാരമ്പര്യം ഇതിൽനിന്ന് വ്യത്യസ്തമാണ്. നിരവധി രാജവംശങ്ങളും ഭരണകൂടങ്ങളും രാഷ്ട്രീയ വിഭജനങ്ങളും ഉണ്ടായിരുന്നിട്ടും ഭാരതം ഒരു സാംസ്കാരിക ഏകകമായി നിലനിന്നിരുന്നു. മൗര്യർ, ഗുപ്തർ, ചോളർ, വിജയനഗരം, മറാത്ത ഭരണകൂടം തുടങ്ങി വിവിധ രാഷ്ട്രീയ ശക്തികൾ ഉയർന്നുവന്നെങ്കിലും ഭാരതത്തിന്റെ നാഗരിക സ്വത്വം നിലനിന്നു. ഈ പശ്ചാത്തലത്തിലാണ് ഗുരുജി രാഷ്ട്രം സംസ്ഥാനത്തേക്കാൾ പ്രാചീനവും സ്ഥിരതയുള്ളതുമായ ഒരു യാഥാർത്ഥ്യമാണെന്ന് വാദിക്കുന്നത്.

**4. വ്യക്തികേന്ദ്രിതത്വം (Individualism) vs ജൈവിക ഏകത്വം (Organic Unity)**


പാശ്ചാത്യ ആധുനികതയുടെ ഒരു പ്രധാന സവിശേഷത വ്യക്തികേന്ദ്രിതത്വമാണ്. വ്യക്തിയുടെ അവകാശങ്ങളും സ്വാതന്ത്ര്യവും രാഷ്ട്രീയ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്താണ്. സമൂഹം വ്യക്തികളുടെ ഒരു കൂട്ടായ്മയായാണ് ഇവിടെ മനസ്സിലാക്കപ്പെടുന്നത്.

ഭാരതീയ ദർശനം വ്യക്തിയെ നിഷേധിക്കുന്നില്ല; എന്നാൽ വ്യക്തിയെ സമൂഹത്തിൽനിന്ന് വേർതിരിച്ചുനോക്കുകയും ചെയ്യുന്നില്ല. പുരുഷസൂക്തത്തിലെ ജൈവിക സമൂഹസങ്കൽപം അനുസരിച്ച് സമൂഹം ഒരു ജീവിക്കുന്ന ശരീരമാണ്; വ്യക്തികൾ അതിന്റെ വിവിധ അവയവങ്ങളാണ്. ഈ നിലപാടാണ് ഗുരുജിയുടെ സമഷ്ടി–വ്യഷ്ടി ബന്ധത്തെക്കുറിച്ചുള്ള ചിന്തയുടെ അടിസ്ഥാനം. വ്യക്തിയുടെ വളർച്ചയും സമൂഹത്തിന്റെ ക്ഷേമവും പരസ്പരവിരുദ്ധങ്ങളല്ല; മറിച്ച് പരസ്പരപൂരകങ്ങളാണ്.

**5. ചരിത്രപരമായ സാഹചര്യഫലം (Historical Contingency) vs നാഗരിക തുടർച്ച (Civilizational Continuity)**

പാശ്ചാത്യ രാഷ്ട്രസങ്കൽപത്തിന്റെ ഭൂരിഭാഗവും ആധുനിക കാലഘട്ടത്തിലെ ചരിത്രസംഭവങ്ങളുമായി ബന്ധപ്പെട്ടതാണ്. വ്യവസായവിപ്ലവം, ഫ്രഞ്ച് വിപ്ലവം, ദേശീയതയുടെ ഉദയം, ആധുനിക സംസ്ഥാനവ്യവസ്ഥ എന്നിവയാണ് രാഷ്ട്രനിർമാണത്തിന്റെ പ്രധാന ഘടകങ്ങളായി കണക്കാക്കപ്പെടുന്നത്. അതിനാൽ രാഷ്ട്രം ഒരു ചരിത്രപരമായ നിർമിതിയാണ് (Historical Construct).

ഭാരതീയ ദർശനത്തിൽ, രാഷ്ട്രം ചരിത്രത്തിലെ ഒരു ഘട്ടത്തിൽ രൂപംകൊണ്ട രാഷ്ട്രീയ നിർമിതി മാത്രമല്ല. സഹസ്രാബ്ദങ്ങളിലൂടെ രൂപപ്പെട്ട ഒരു നാഗരിക ബോധമാണ് അത്. വേദങ്ങൾ, ഉപനിഷത്തുകൾ,


Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
Peer-Peer Reviewed, Refereed & Open Access International Journal - As per UGC Norms
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:6(1), June 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

ഇതിഹാസങ്ങൾ, പുരാണങ്ങൾ, തീർത്ഥയാത്രകൾ, ഉത്സവങ്ങൾ, സാംസ്കാരിക സ്മൃതികൾ എന്നിവയെല്ലാം ചേർന്ന് രൂപപ്പെടുത്തിയ ഒരു തുടർച്ചയായ നാഗരിക പ്രവാഹമാണ് ഭാരതം. ഗുരുജിയുടെ "ചിതി" എന്ന ആശയം ഈ നാഗരിക തുടർച്ചയുടെ ദാർശനിക വിശദീകരണമായി കാണാം.

വിമർശനാത്മക നിരീക്ഷണം

ഗുരുജി ഗോൾവൾക്കറുടെ രാഷ്ട്രദർശനം പാശ്ചാത്യ രാഷ്ട്രീയ ദേശീയതയ്ക്ക് പകരമായ ഒരു നാഗരിക ദേശീയതയുടെ (Civilizational Nationalism) മാതൃക അവതരിപ്പിക്കുന്നു. രാഷ്ട്രത്തെ ഒരു രാഷ്ട്രീയ സംവിധാനമെന്നതിലുപരി ഒരു സാംസ്കാരിക-ആത്മീയ സമൂഹമായി മനസ്സിലാക്കാനുള്ള ശ്രമമാണ് അദ്ദേഹത്തിന്റെ ചിന്തയിൽ കാണുന്നത്. ഈ സമീപനം ഭാരതീയ ജ്ഞാനപാരമ്പര്യത്തിൽനിന്ന് പ്രചോദനം ഉൾക്കൊള്ളുന്നതോടൊപ്പം, ആധുനിക ദേശീയതയെക്കുറിച്ചുള്ള ആഗോള സംവാദങ്ങളിൽ ഒരു വ്യത്യസ്ത കാഴ്ചപ്പാട് കൂടി മുന്നോട്ടുവയ്ക്കുന്നു.

അതിനാൽ, ഗുരുജിയുടെ രാഷ്ട്രസങ്കൽപത്തെ വെറും രാഷ്ട്രീയ പ്രത്യയശാസ്ത്രമായി വിലയിരുത്തുന്നതിനേക്കാൾ, ഭാരതത്തിന്റെ ദീർഘകാല നാഗരിക അനുഭവങ്ങളുടെയും ധാർമ്മിക-സാംസ്കാരിക പാരമ്പര്യത്തിന്റെയും പശ്ചാത്തലത്തിൽ പഠിക്കേണ്ട ഒരു ദാർശനിക-നാഗരിക മാതൃകയായി കാണുന്നതാണ് കൂടുതൽ ഉചിതം.

**ഉപസംഹാരം (Conclusion)**

ഗുരുജി എം. എസ്. ഗോൾവൾക്കറുടെ രാഷ്ട്രസങ്കൽപം ഭാരതത്തിന്റെ പ്രാചീന നാഗരിക ദർശനത്തിന്റെ ആധുനിക അവതാരമായിട്ടാണ് മനസ്സിലാക്കേണ്ടത്. വേദങ്ങൾ, ഉപനിഷത്തുകൾ, ധർമ്മശാസ്ത്രങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ എന്നിവയിൽ വേരൂന്നിയ ഈ ദർശനം, ചിതി (ദേശീയചൈതന്യം), ധർമ്മം, ജൈവിക ഏകത്വം തുടങ്ങിയ ആശയങ്ങളുടെ പ്രാധാന്യം രാഷ്ട്രീയമോ ഭൗതികമോ ആയ രാഷ്ട്രനിർവചനങ്ങളെക്കാൾ ഉയർത്തിക്കാട്ടുന്നു.

അതുകൊണ്ട് ഗോൾവൾക്കറുടെ രാഷ്ട്രസങ്കൽപം ഒരു രാഷ്ട്രീയ ആശയനിർമിതിയായി മാത്രം കാണാൻ കഴിയില്ല. അത് ഭാരതത്തിന്റെ ധാർമ്മിക-സാംസ്കാരിക ആത്മബോധത്തിന്റെ ചരിത്രപരമായ തുടർച്ചയെ പ്രതിനിധീകരിക്കുന്ന ഒരു നാഗരിക ദർശനമാണ്. ഈ നിലയിൽ, പാശ്ചാത്യ രാഷ്ട്രീയ ദേശീയതയ്ക്ക് പകരമായി ഭാരതീയ ആത്മീയ-സാംസ്കാരിക ദേശീയതയുടെ ഒരു വ്യതിരിക്ത മാതൃകയാണ് അദ്ദേഹം മുന്നോട്ടുവയ്ക്കുന്നത്

**References**

1. ആർ.എസ്.എസ്.ദർശനവും ദൗത്യവും- ഗുരുജി ഗോൾവൽക്കർ- സംഘദർശനമാലിക- സംഘദർശനമാലിക - കുരുക്ഷേത്രപ്രകാശൻ-2023
2. ഗുരുജി ഗോൾവൽക്കർ-ഗുരുജി സാഹിത്യ സർവസ്വം- ഭാഗം -1 - ഡോക്ടർ ഹെഡ്ഗേവാർ ജന്മശതാബ്ദി സേവാസമിതി- കേരളം -2026
3. M. S. Golwalkar, Shri Guruji Samagra Darshan, Vol. 3 (Nagpur: Bharatiya Vichar Sadhana, 1974)
4. Golwalkar, M. S. Bunch of Thoughts. Bengaluru: Sahitya Sindhu Prakashana, 1966.
5. Golwalkar, M. S. Shri Guruji Samagra Darshan. 12 Vols. Nagpur: Bharatiya Vichar Sadhana.
6. Ṛgveda, 10.90.12 (Purusha Sukta).Translated by H. H. Wilson.London.n.Trubner and.co.60, paternoster row.-1866.
7. Mahābhārata, Śānti Parva, 109.9. Gita Press, Gorakhpur.1994
8. Viṣṇu Purāṇa, 2.3.1.Gita Press, Gorakhpur.1986

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
Peer-Peer Reviewed, Refereed & Open Access International Journal - As per UGC Norms
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:6(1), June 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

9. Īśāvāsya Upaniṣad, Mantra 6.Gita Press, Gorakhpur.1980
10. Īśāvāsya Upaniṣad. Gita Press Edition.
11. Mahābhārata. Gita Press, Gorakhpur.
12. Viṣṇu Purāṇa. Gita Press, Gorakhpur.
13. Andersen, Walter K., and Shridhar D. Damle. The Brotherhood in Saffron. New Delhi: Vistaar Publications, 1987.
14. Jaffrelot, Christophe. The Hindu Nationalist Movement and Indian Politics. New Delhi: Penguin, 1996.
15. Sharma, Jyotirmaya. Terrifying Vision: M.S. Golwalkar, the RSS and India. New Delhi: Penguin, 2006.
16. Smith, Anthony D. National Identity. Reno: University of Nevada Press, 1991.
17. Thengadi, Dattopant. The Third Way. Bengaluru: Rashtrotthana Sahitya, 1981.
18. Hari, Ranga. Guruji Golwalkar: The Visionary. Bengaluru: Jagarana Prakashana, 2012.
19. Thomas Hobbes, Leviathan (London: Andrew Crooke, 1651);
20. John Locke, Two Treatises of Government (London: Awnsham Churchill, 1689);
21. Jean-Jacques Rousseau, The Social Contract (Amsterdam: Marc Michel Rey, 1762).
22. Ernest Gellner, Nations and Nationalism (Oxford: Blackwell, 1983);
23. Benedict Anderson, Imagined Communities: Reflections on the Origin and Spread of Nationalism (London: Verso, 1983).
24. S. Radhakrishnan, Indian Philosophy (Vols. I & II).new York: the MacMillan company London: George Allen & unwind Ltd Eighth impression -1986
25. R. C. Majumdar, The History and Culture of the Indian People.Bharatiya vidhya bhavan – 2017.